LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ റാങ്ക് ലിസ്റ്റ്

232 (2060) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 സെപ്റ്റംബർ മാസം നിലവിൽ വന്ന മലപ്പുറം ജില്ലയിലെ എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ (കാറ്റഗറി നമ്പർ-267/11) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു ;

(ബി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; അയതിലേക്ക് നിയമന ശുപാർശ നല്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നകാര്യത്തിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും റിപ്പോർട്ടുചെയ്യുന്നതിനും നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 36 പേർ ട്രെയിനിംഗ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 4 പേരുടെ പരിശീലനം നടന്നുവരുന്നു. 7 പേരുടെ മെഡിക്കൽ പരിശോധന പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 14-10-2015 തീയതിയിൽ 10 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല.

പോലീസിലെ സാങ്കേതിക വിഭാഗത്തിലുള്ളവരുടെ വിവിധ അലവൻസുകൾ

233 (2061) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സാങ്കേതിക വിഭാഗത്തിൽ പ്രവർത്തിയെടുക്കുന്ന മെക്കാനിക്ക്, ഫിറ്റർ, ഇലക്ട്രീഷ്യൻ, ആർമറർ, ബ്യൂഗ്ളർ, ഡ്രൈവർ, ബാന്റ് പോലീസ് കോൺസ്റ്റബിൾമാർക്ക് ഡേ ഓഫ് അലവൻസ്, ഇലക്ട്രിസിറ്റി & വാട്ടർ അലവൻസ്, ഫീഡിംഗ് ചാർജ് അലവൻസ്, റേഷൻ മണി അലവൻസ്, റിസ്ക് അലവൻസ്, സ്മാർട്ട്നെസ്സ് അലവൻസ് തുടങ്ങിയ അലവൻസുകൾ ഇപ്പോൾ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; പ്രസ്തുത അലവൻസുകൾ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പോലീസിലെ സാങ്കേതിക വിഭാഗം പോലീസുകാരുടെ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കി ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പി.എസ്.സി. വഴി ഇത്തരം നിയമനങ്ങൾ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പോലീസ് ജീവനക്കാരുടെ ജോലിയുടെ അപകട സാദ്ധ്യതയും പ്രത്യേക സ്വഭാവവും കണക്കിലെടുത്ത് അവർക്ക് അനുവദിച്ചിട്ടുള്ള പോലീസ് സ്പെഷ്യൽ അലവൻസ്, ഡേ ഓഫ് അലവൻസ് എന്നിവ പോലീസ് വകുപ്പിലെ സാങ്കേതിക വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദനീയമല്ല. എന്നാൽ പോലീസ് വകുപ്പിലെ ഡ്രൈവർ വിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും ഡേ ഓഫ് അലവൻസ്, ഇലക്ട്രിസിറ്റി & വാട്ടർ അലവൻസ്, ഫീഡിംഗ് അലവൻസ്, റേഷൻ മണി അലവൻസ്, റിസ്ക് അലവൻസ്, സ്മാർട്ട്നെസ്സ് അലവൻസ് എന്നിവ എല്ലാം തന്നെ നൽകുന്നുണ്ട്.

(ബി) ഉണ്ട്. 26-2-2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 681/2011/ആഭ്യന്തരം പ്രകാരം സാങ്കേതിക വിഭാഗത്തിന്റെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുനൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം

234 (2062) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണവും, ക്രമസമാധാനവും ഒരു ഓഫീസർ തന്നെ നിർവ്വഹിക്കുന്നത് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ ; ഇവ രണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി., എസ്.പി. പ്രൊമോഷൻ വൈകുന്നത് എന്തുകൊണ്ടാണ് ; ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ ;

(സി) എസ്.ഐ. നിയമന പ്രക്രിയകൾ സ്ഥിരമായി കോടതി വ്യവഹാരത്തിൽ പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എസ്. ഐ. ട്രെയിനിംഗ് സിലബസ് പരിഷ്കരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 27-12-2006-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി, ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് പോലീസ് സിറ്റി ജില്ലകളിലെ ക്രമസമാധാന പോലീസ് വിഭാഗത്തെയും അന്വേഷണ വിഭാഗത്തേയും വേർതിരിച്ച് പ്രവർത്തനം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly